കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# ഇന്ത്യൻ ചികിത്സാ ഡിഗ്രികൾ ആക്ററ്, 1916

(1916-ലെ 7-ാം നമ്പർ ആക്ററ്)

വില

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.
1981

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ഇൻഡ്യൻ ചികിൽസാ ഡിഗ്രികൾ ആക്റ്റ്, 1916

(1916-ലെ 7-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1981

3/1441/V.

# ഇൻഡ്യൻ ചികിൽസാ ഡിഗ്രികൾ ആക്ററ്

1916-ലെ 7-ാം നമ്പർ ആക്ററ്

[1916 മാർച്ച് 16]

പാശ്ചാത്യ ചികിത്സാശാസ്ത്രത്തിലെ യോഗ്യതകൾ വ്യഞ്ജിപ്പിക്കുന്ന ബിരുദങ്ങൾ നല്കുന്നതും, അയോഗ്യരായ ആളുകൾ അങ്ങനെയുള്ള ബിരുദങ്ങൾ കൈക്കൊള്ളുകയും ഉപയോഗിക്കുകയും ചെയ്യുന്നതും ക്രമപ്പെടുത്തുന്നതിനുള്ള ആക്ററ്.

പാശ ചാത്യ ചികിൽസാശാസ്ത്രത്തിലെ യോഗ്യതകൾ വ്യഞ്ജിപ്പിക്കുന്ന ബിരുദങ്ങൾ നല്കുന്നതും, അയോഗ്യരായ ആളുകൾ അങ്ങനെയുള്ള ബിരുദങ്ങൾ കൈക്കൊള്ളുകയും ഉപയോഗിക്കുകയും ചെയ്യുന്നതും ക്രമപ്പെടുത്തുന്നത് സമീചീനമായിരിക്കുകയാൽ ;

ഇതിനാൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :—

1. ചുരുക്കപ്പേര്.—ഈ ആക്ററിന്, ഇൻഡ്യൻ ചികിൽസാഡിഗ്രികൾ ആക്ററ്, 1916 എന്ന് പേർ പറയാവുന്നതാണ്.

2. നിർവ്വചനം.—ഈ ആക്ററിൽ, ''പാശ്ചാത്യ ചികിൽസാശാസ്ത്രം,'' എന്നാൽ, അലോപ്പതി ഔഷധചികിൽസാശാസ്ത്രത്തിന്റെയും സൂതികാ ശാസ്ത്രത്തിന്റെയും ശസ്ത്രക്രിയശാസ്ത്രത്തിന്റെയും പാശ്ചാത്യസമ്പ്രദായങ്ങൾ എന്നർത്ഥമാകുന്നതും, എന്നാൽ അതിൽ ഹോമിയോപ്പതിയോ, ആയൂർ വേദമോ, യൂനാനിയോ ചികിൽസാസമ്പ്രദായം ഉൾപ്പെടുന്നതല്ലാത്തതും, ''സ്റേററുകൾ'' എന്നാൽ, 1956 നവംബർ, 1-ാം തീയതിക്ക് തൊട്ടുമുമ്പ് ക ഭാഗം സ്റേററുകളിലും ഗ ഭാഗം സ്റേററുകളിലും ഉൾക്കൊണ്ടിരുന്ന എല്ലാ രാജ്യക്ഷേത്രങ്ങളും എന്നർത്ഥമാകുന്നതും ആണ്.

3. ഡിഗ്രികൾ മുതലായവ നല്കുന്നതിനുള്ള അവകാശം.—സ്റേററിൽ ഡിഗ്രികളോ ഡിപ്ലോമകളോ, ലൈസൻസുകളോ, സർട്ടിഫിക്കററുകളോ മററ് രേഖകളോ അവയുടെ ധാരകനോ ആദാതാവോ ഗൃഹീതാവോ പാശ്ചാത്യ ചികിത്സാശാസ്ത്ര പ്രകാരം ചികിൽസിക്കാൻ യോഗ്യനാണെന്ന്

പ്രസ്താവിക്കുകയോവ്യഞ്ജിപ്പിക്കുകയോ ചെയ്തുകൊണ്ട് നല്കാനോ, പുറപ്പെടുവിക്കുവാനോ ഉള്ള അവകാശം, പട്ടികയിൽ വിനിർദ്ദേശിക്കുന്ന അധികാരസ്ഥാനങ്ങളാലും, സ്റേററ് ഗവൺമെൻറ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴിയും, ചുമത്തുന്നത് യുക്തമാണെന്ന് തോന്നുന്ന ഉപാധികൾക്കും പരിമിതികൾക്കും വിധേയമായും, ഇതിലേയ്ക്ക് പ്രാധികാരപ്പെടുത്തുന്ന മററ് അധികാരസ്ഥാനത്താലും മാത്രം പ്രയോഗിക്കപ്പെടാവുന്നതായിരിക്കുന്നതാണ്.

4. പ്രാധികാരപ്പെടുത്തപ്പെടാതെ ഡിഗ്രികൾ മുതലായവ നല്കുന്നതിൻെറ നിരോധനം.—3-ാം വകുപ്പ് വ്യവസ്ഥചെയ്യുന്നവിധമൊഴികെ, സ്റേററുകളിൽ യാതൊരാളും, ഏതെങ്കിലും ഡിഗ്രിയോ ഡിപ്ലോമയോ, ലൈസൻസോ, സർട്ടിഫിക്കററോ, മററ് രേഖയോ അവയുടെ ധാരകനോ ആദാതാവോ ഗൃഹീതാവോ പാശ്ചാത്യചികിൽസാശാസ്ത്രപ്രകാരം ചികിൽസിക്കാൻ യോഗ്യനാണെന്ന് പ്രസ്താവിക്കുകയോ വ്യഞ്ജിപ്പിക്കുകയോ ചെയ്തുകൊണ്ട് നല്കുകയോ പുറപ്പെടുവിക്കുകയോ അല്ലെങ്കിൽ നല്കാനോ പുറപ്പെടുവിക്കാനോ തനിക്ക് അവകാശമുള്ളതായി ധാരണയുണ്ടാക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

5. 4-ാം വകുപ്പിൻെറ ഉല്ലംഘനം.—4-ാം വകുപ്പിലെ വ്യവസ്ഥകൾ ഉല്ലംഘിക്കുന്ന ഏതൊരാളും ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതും; അപ്രകാരം ഉല്ലംഘിക്കുന്ന ആൾ ഒരു സമാജമാണെങ്കിൽ, അങ്ങനെയുള്ള സമാജത്തിലെ ആ ഉല്ലംഘനം, അറിഞ്ഞുകൊണ്ടും മന:പൂർവ്വവും പ്രാധികാരപ്പെടുത്തുകയോ അനുവദിക്കുകയോ ചെയ്യുന്ന ഏതൊരു അംഗവും അഞ്ഞൂററ് രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതും ആകുന്നു.

6. ചികിൽസാബിരുദങ്ങൾ വ്യാജമായി കൈക്കൊള്ളുകയോ ഉപയോഗിക്കുകയോ ചെയ്യുന്നതിനുള്ള ദണ്ഡനം.—3-ാം വകുപ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും അധികാരസ്ഥാനം നല്കിയതോ, പുറപ്പെടുവിച്ചതോ അല്ലെങ്കിൽ യുണൈറെറഡ് കിങ്ഡത്തിലെ മെഡിക്കൽ എഡ്യൂക്കേഷൻ ജനറൽ കൗൺസിൽ അംഗീകരിച്ചതോ ആയ ഒരു ഡിഗ്രിയോ, ഡിപ്ലോമയോ, ലൈസൻസോ, സർട്ടിഫിക്കററോ തനിക്കുണ്ടെന്നോ, അല്ലെങ്കിൽ താൻ പാശ്ചാത്യ ചികിൽസാശാസ്ത്രപ്രകാരം ചികിൽസിക്കാൻ യോഗ്യനാണെന്നോ വ്യഞ്ജിപ്പിച്ചുകൊണ്ട് ഏതെങ്കിലും ബിരുദമോ, വിവരണമോ, അല്ലെങ്കിൽ തൻെറ പേരിനോട് എന്തെങ്കിലും കൂട്ടിച്ചേർക്കലോ സ്വേച്ഛയാ ആയും വ്യാജമായും കൈക്കൊള്ളുകയോ, ഉപയോഗിക്കുകയോ ചെയ്യുന്ന ഏതൊരാളും ഇരുന്നൂററമ്പത് രൂപയോളമാകാവുന്ന പിഴശിക്ഷയോ, അയാൾ ഈ വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം പിന്നീട് ചെയ്യുകയും അതിന് കുററസ്ഥാപനം ചെയ്യപ്പെടുകയും ചെയ്യുന്നുവെങ്കിൽ, അഞ്ഞൂററ് രൂപയോളമാകാവുന്ന പിഴശിക്ഷയോ നല്കി ശിക്ഷിക്കപ്പെടുന്നതാണ്:

എന്നാൽ, ഈ വകുപ്പിലെ യാതൊന്നും, ഏതെങ്കിലും ആൾ അയാൾക്ക് നല്കിയതോ അയാളുടെ പേർക്ക് പുറപ്പെടുവിച്ചതോ ആയ ഏതെങ്കിലും ഡിഗ്രിയുടേയോ ഡിപ്ലോമയുടേയോ ലൈസൻസിൻേറയോ സർട്ടിഫിക്കററിൻേറയോ ബലത്തിൽ അയാൾ ഈ ആക്ററിൻെറ പ്രാരംഭത്തിന് മുമ്പ് ഉപയോഗിച്ചിരുന്ന ഏതെങ്കിലും ബിരുദമോ, വിവരണമോ, കൂട്ടിച്ചേർക്കലോ ഉപയോഗിക്കുന്നതിന് ബാധകമായിരിക്കുന്നതല്ല.

7. കുററങ്ങളം നടപടിക്കെടുക്കൽ.—സ്റേററ്ഗവൺമെൻറ് ഉത്തരവുവഴി കൊടുക്കുന്ന പരാതിയിന്മേലോ, അല്ലെങ്കിൽ സ്റേററിൽ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും അധിനിയമത്താൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഒരു മെഡിക്കൽ രജിസ്ട്രേഷൻ കൗൺസിൽ സ്റേററ് ഗവൺമെൻറിൻെറ മുൻ അനുമതിയോടുകൂടി കൊടുക്കുന്ന പരാതിയിന്മേലോ, ഒഴികെ യാതൊരു കോടതിയും, ഈ ആക്ററിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം നടപടിക്കെടുക്കാൻ പാടുള്ളതല്ല.

8. രജിസ്ട്രേററുമാരുടെ അധികാരിത.—ഒരു പ്രസിഡൻസി മജിസ്ട്രേട്ടിൻേറയോ ഒന്നാം ക്ലാസ്സ് രജിസ്ട്രേററിൻേറയോ കോടതിയിൽ താഴെയുള്ള യാതൊരു കോടതിയും ഈ ആക്ററിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം വിചാരണചെയ്യാൻ പാടുള്ളതല്ല.

പട്ടിക

(3-ാം വകുപ്പ് നോക്കുക)

1. ഒരു കേന്ദ്ര ആക്ററിനാൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഏതൊരു സർവ്വകലാശാലയും.
2. ബംഗാളിലെ സ്റേററ് മെഡിക്കൽ ഫാക്കൽററി.
3. ബോംബെയിലെ ഫിസിഷ്യൻസ് ആൻഡ് സർജൻസ് കോളേജ്.
4. പരീക്ഷക ബോർഡ്, മെഡിക്കൽ കോളേജ്, മദ്രാസ്.

---

3/1441/V.